പതിമൂന്നാം കേരള നിയമസഭ
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1867 — 17.06.2013-ൽ മറുപടിയ്ക്ക്

<u>വ്യാജ എസ്.എം. എസ്., ഇ – മെയിൽ തട്ടിപ്പുകൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വ്യാജ എസ്. എം. എസ്, ഇ – മെയിൽ തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) വ്യാജ എസ്. എം. എസ്., ഇ – മെയിൽ തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്ക് മൊബൈൽ ഫോൺ ഇന്റർനെറ്റ് എന്നിവകളുടെ ഉപയോഗവും ആയവയുടെ ദുരുപയോഗങ്ങളെപ്പറ്റിയും , ഇൻഫർമേഷൻ ആക്ടിലെ ബന്ധപ്പെട്ട നിയമങ്ങളെപ്പറ്റിയും ബോധവൽക്കരണ ക്ലാസ് നടത്തി വരുന്നു. വ്യാജ എസ്. എം. എസ്, ഇ – മെയിൽ തട്ടിപ്പ പരാതികൾ അന്വേഷിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ സൈബർ സെല്ലിന്റെ സേവനവും സംസ്ഥാന തലത്തിൽ സൈബർ പോലീസ് സ്റ്റേഷന്റെ സേവനവും ലഭ്യമാണ്. പരാതി ലഭിച്ചാൽ അതിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ